കർത്താവിൽ പ്രിയരെ,

മലങ്കര ഓർത്തഡോക്സ്
സുറിയാനി സഭയുടെ
ശ്രേഷ്ഠ മൽപ്പാനും കൊച്ചി
ഭദ്രാസനാധിപനുമായിരുന്ന
ഭാഗ്യസ്മരണാർഹനായ
**യൂഹാനോൻ മാർ സേവേറിയോസ്**
**മെത്രാപ്പോലീത്തായുടെ**
ചരമ രജത ജൂബിലി
കൊച്ചി ഭദ്രാസനം ഏറെ ആദരവോടും
പ്രൗഢമായും ആഘോഷിക്കുകയാണ്.

**2015 മെയ് 10 ഞായറാഴ്ച വൈകിട്ട്**
**എറണാകുളം വൈറ്റില**
**Toch H സ്കൂൾ അങ്കണത്തിൽ**
**പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ**
**പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**
അദ്ധ്യക്ഷത വഹിക്കുന്ന പൊതു സമ്മേളനം
**ബഹു. കേരളാ ഗവർണർ റിട്ട. ജസ്റ്റിസ്**
**പി. സദാശിവം** ഉദ്ഘാടനം ചെയ്യുന്നു.
**അഭി. ഡോ. ജോസഫ് മാർത്തോമ്മ**
**മെത്രാപ്പോലീത്ത**, പി.എസ്സ്.സി. ചെയർമാൻ
**ഡോ. കെ.എസ്സ്. രാധാകൃഷ്ണൻ** തുടങ്ങിയ
വിശിഷ്ട വ്യക്തികളും സമ്മേളനത്തിൽ
സംബന്ധിക്കുന്നതാണ്.
യൂഹാനോൻ മാർ സേവേറിയോസ്
തിരുമേനിയുടെ അർത്ഥഗർഭമായ
101 ലേഖനങ്ങളും, അതിന്റെ പഠനവും
ഉൾക്കൊള്ളുന്ന പുസ്തകത്തിന്റെ
പ്രകാശനം, ആ പുണ്യ പിതാവിന്റെ
നാമത്തിലുള്ള ജീവകാരുണ്യ
പ്രവർത്തനങ്ങളുടെ ഉദ്ഘാടനം എന്നിവ
ഈ സമ്മേളനത്തെ സമ്പുഷ്ടമാക്കുന്നു.

ജീവിതം കൊണ്ടും, ആരാധനകൊണ്ടും
സഭയ്ക്കും സമൂഹത്തിനും
മാതൃകയായിരുന്ന ഈ പിതാവിന്റെ
ചരമ രജത ജൂബിലി സമ്മേളനത്തിൽ
സംബന്ധിക്കുവാൻ ഏവരേയും
ഹൃദയപൂർവ്വം ക്ഷണിക്കുകയാണ്.

കൊച്ചി ഭദ്രാസനത്തിനു വേണ്ടി
**ഡോ. യാക്കോബ് മാർ ഐറേനിയോസ്**
**മെത്രാപ്പോലീത്ത**

# പ്രോഗ്രാം

## 10 - 05- 2015 Sunday

| | | |
|---|---|---|
| 3.00 p.m. | : | സംഗീതാർച്ചന |
| | : | റവ. ഫാ. എം. പി. ജോർജ് നയിക്കുന്ന ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് |
| 3.45 p.m. | : | നേവൽ ബാന്റ് |
| 3.58 p.m. | : | വിശിഷ്ടാതിഥികളെ ആനയിക്കൽ |

## പൊതു സമ്മേളനം

| | | |
|---|---|---|
| 4.00 p.m. | : | ദേശീയ ഗാനം |
| 4.01 p.m. | : | പ്രാർത്ഥനാ ഗാനം |
| 4.05 p.m. | : | സ്വാഗത പ്രസംഗം |
| | : | **അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ്** (കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത) |
| 4.12 p.m. | : | അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ജീവിതരേഖ – അവതരണം |
| | : | റവ. ഫാ. പി. ഐ. വർഗ്ഗീസ് (കൊച്ചി ഭദ്രാസന സെക്രട്ടറി) |
| 4.17 p.m. | : | ആശംസ |
| | : | **ഡോ. കെ. എസ്. രാധാകൃഷ്ണൻ** (പി. എസ്. സി. ചെയർമാൻ) |
| 4.23 p.m. | : | മുഖ്യ പ്രഭാഷണം |
| | : | **ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത** (മാർത്തോമ്മ സുറിയാനി സഭ) |
| 4.30 p.m. | : | അദ്ധ്യക്ഷ പ്രസംഗം |
| | : | **പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ** |
| 4.38 p.m. | : | ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനം, പുസ്തക പ്രകാശനം, സന്ദേശം |
| | : | **റിട്ട. ജസ്റ്റിസ് പി. സദാശിവം** (ബഹു. കേരളാ ഗവർണർ) |
| 4.53 p.m. | : | വിശിഷ്ടാതിഥികൾക്കുള്ള ഉപഹാരസമർപ്പണം |
| 4.55 p.m. | : | നന്ദി പ്രകാശനം |
| | : | ശ്രീ. ജോർജ്ജ് പോൾ (വർക്കിംഗ് പ്രസിഡന്റ്, ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്റർ) |
| 5.00 p.m. | : | ദേശീയ ഗാനം |

## യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി – ജീവിത രേഖ

- 1920 ജനുവരി 14 പുതുപ്പള്ളി സെന്റ് ജോർജ്ജ് ഇടവകയിൽ തൃക്കോതമംഗലത്ത് ജനനം.
- 1943 ഏപ്രിൽ 7 മൂവാറ്റുപുഴ അരമന ചാപ്പലിൽ വച്ച് ശെമ്മാശപ്പട്ടം.
- 1943 ജൂലൈ 7 കുറിഞ്ഞി പള്ളിയിൽ വച്ച് കശീശ്ശാപ്പട്ടം.
- 1948 – പാണ്ഡിത്യവും, മാതൃകാ ജീവിതവും മൂലം, ശ്രേഷ്ഠ ഗുരുവായിരുന്ന അദ്ദേഹത്തിന് സെമിനാരി യിലെ മല്പാൻ സ്ഥാനം സഭ നൽകി.
- 1958 ലെ സമാധാനത്തിന് ശേഷം യോജിച്ച സഭ, മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.
- 1966 ഫെബ്രുവരി 26 ന് റമ്പാൻ സ്ഥാനം
- ആഗസ്റ്റ് 26 ന് കോലഞ്ചേരി പള്ളിയിൽ വെച്ച് മേല്പട്ട സ്ഥാനം
- ഒക്ടോബറിൽ കൊച്ചി ഭദ്രാസനാധിപനായി സ്ഥാനാരോഹണം.
- 1990 മെയ് 16 കാലം ചെയ്തു; കൊരട്ടി സിയോൻ സെമിനാരി ചാപ്പലിൽ കബറടക്കി.
- ദൈവാശ്രയം, മനുഷ്യ സ്നേഹം, ലാളിത്യം, പ്രതിപക്ഷ ബഹുമാനം ആരാധനാ നിഷ്ഠ എന്നിവ തിരുമേനിയുടെ പ്രത്യേകതയായിരുന്നു.
- മലങ്കര സഭയുടെ ആരാധനാ ഏകീകരണത്തിനായി അക്ഷീണം യത്നിച്ചു. ശുശ്രൂഷ സംവിധാനസഹായി എന്ന ഗ്രന്ഥം അതിന്റെ പ്രധാന നിദർശനമാണ്.
- വിശ്വാസം, ആരാധന, കൂദാശകൾ, പാരമ്പര്യം എന്നിവയുടെ ആധികാരിക വാക്കായിരുന്നു തിരുമേനി.
- നൂറുകണക്കിന് ഈടുറ്റലേഖനങ്ങളുടേയും, ഗ്രന്ഥങ്ങളുടേയും രചയിതാവ്.

- ബഹു. കേരളാ ഗവർണർ പങ്കെടുക്കുന്ന ചടങ്ങായതിനാൽ കൃത്യം ഒരു മണിക്കൂർ ആയിരിക്കും പൊതു സമ്മേളനത്തിന്റെ ദൈർഘ്യം.
- സമ്മേളനത്തിൽ ആളുകൾ 3.00 pm ന് തന്നെ ക്രമീകരിച്ചിരിക്കുന്ന ഇരിപ്പിടങ്ങളിൽ ഇരിക്കേണ്ടതാണ്.
- സമ്മേളനം അവസാനിക്കുന്നതുവരെ യോഗ സ്ഥലത്തു നിന്നും ആരും എഴുന്നേറ്റ് പോകുവാൻ പാടില്ലാത്തതാകുന്നു.
- വോളണ്ടിയേഴ്സിന്റെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
- വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം Toc H School ഗ്രൗണ്ടിൽ.

pulari
tpra

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
## കൊച്ചി ഭദ്രാസനം



## ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ
# ചരമ രജത ജൂബിലി

**വൈറ്റില Toc H സ്കൂൾ അങ്കണം**

**2015 മെയ് 10 ഞായറാഴ്ച**

ഏവർക്കും സ്വാഗതം